I ഇ.ബി. XIV - കേരള നിയമസഭ/I-4

# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ജൂൺ 27, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

ടി. എസ്. ജോണിന്റെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാ സ്പീക്കർ ടി. എസ്. ജോൺ 2016 ജൂൺ 9-ന് അന്തരിച്ചു. പത്തനംതിട്ട ജില്ലയിൽ കല്ലൂപ്പാറ തെക്കേമുറിയിൽ മത്തായിയുടെ മകനായി 1939 ഒക്ടോബർ 21-ന് ജനിച്ച ടി.എസ്. ജോൺ ചങ്ങനാശ്ശേരി എസ്.ബി. കോളേജ് വിദ്യാർത്ഥിയായിരിക്കെ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തുകൊണ്ട് പൊതുപ്രവർത്തനരംഗത്തെത്തി. എറണാകുളം ലാ കോളേജിൽ നിന്നും നിയമബിരുദം നേടിയ അദ്ദേഹം ഹൈക്കോടതി അഭിഭാഷകനായും പ്രവർത്തിച്ചു. കേരള കോൺഗ്രസ്സിലൂടെ പൊതുപ്രവർത്തനരംഗത്ത് സജീവമായ അദ്ദേഹം 1970, 1977, 1982, 1996

വർഷങ്ങളിൽ യഥാക്രമം നാല്, അഞ്ച്, ഏഴ്, പത്ത് കേരള നിയമസഭകളിലേയ്ക്ക് കല്ലൂപ്പാറ മണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു. നാലാം കേരള നിയമസഭയുടെ കാലയളവിൽ 1976 ഫെബ്രുവരി 17 മുതൽ 1977 മാർച്ച് 25 വരെ അദ്ദേഹം സ്പീക്കർ പദവി വഹിച്ചു. 36-ാമത്തെ വയസ്സിൽ സ്പീക്കറായ അദ്ദേഹം സഭാനാഥനെന്ന നിലയിൽ സഭയുടെ അന്തസ്സും യശസ്സും പരിപാലിക്കുന്നതിൽ മാതൃകാപരമായി പ്രവർത്തിച്ചു. എ.കെ. ആന്റണി മന്ത്രിസഭയിലും പി.കെ. വാസുദേവൻ നായർ മന്ത്രിസഭയിലും ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുകളുടെ ചുമതലകൾ നിർവ്വഹിച്ച അദ്ദേഹം തന്റെ വകുപ്പുകളിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിന് മുൻകയ്യെടുത്തു. നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാൻ എന്ന നിലയിലും സാമാജികൻ എന്ന നിലയിലും ശ്രദ്ധേയമായ പ്രവർത്തനമാണ് അദ്ദേഹം നടത്തിയിട്ടുള്ളത്. ഏതു പദവികൾ വഹിക്കുമ്പോഴും ജനങ്ങളുമായി അസാധാരണ ബന്ധം പുലർത്തിയ അദ്ദേഹത്തിന്റെ സവിശേഷരീതി പുതുതലമുറയിലെ പൊതുപ്രവർത്തകർക്ക് മാതൃകയാണ്. കേരള കോൺഗ്രസ് (ജെ), കേരള കോൺഗ്രസ് (എം) വൈസ് ചെയർമാൻ, കേരള കോൺഗ്രസ് (എം) ഉന്നതാധികാര സമിതി അംഗം, കവിയൂർ ഗ്രാമപഞ്ചായത്ത് അംഗം തുടങ്ങിയ ചുമതലകൾ വഹിച്ച അദ്ദേഹം കേരള കോൺഗ്രസ് (സെക്യുലർ) ചെയർമാനായും പ്രവർത്തിച്ചിരുന്നു. നിയമ, വിദ്യാഭ്യാസ മേഖലകളിൽ സജീവമായിരുന്ന ടി. എസ്. ജോണിന്റെ

നിര്യാണത്തിലൂടെ കഴിവുറ്റ ഒരു സാമാജികനേയും ആദർശശാലിയായ രാഷ്ട്രീയ പ്രവർത്തകനേയും നല്ലൊരു ഭരണാധികാരിയേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിയമനിർമ്മാണരംഗത്തും ഭരണനേതൃത്വതലത്തിലും ഒരുപോലെ തിളങ്ങിയ ശ്രദ്ധേയമായ രാഷ്ട്രീയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ടി.എസ്. ജോൺ. ജനകീയ പ്രശ്നങ്ങൾ പൊതുവിലും മലയോര കർഷകരുടെ പ്രശ്നങ്ങൾ പ്രത്യേകിച്ചും ഏറ്റെടുക്കുന്നതിലും അവയ്ക്ക് പരിഹാരം കാണുന്നതിലും മുൻകയ്യെടുത്ത അദ്ദേഹം കർഷക ജനതയ്ക്ക് പ്രിയങ്കരനായിരുന്നു. നിയമസഭാ സ്പീക്കറായ ഘട്ടത്തിൽ സഭാംഗങ്ങളുടെ അധികാരാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ നിഷ്പക്ഷതയോടെ മാതൃക കാട്ടി. കാര്യക്ഷമതയോടെ വകുപ്പ് കൈകാര്യം ചെയ്യുന്ന മികവുറ്റ മന്ത്രി എന്ന നിലയിലും സഭയെ നിയന്ത്രിക്കുക എന്ന ദൗത്യം ശ്രദ്ധേയമാംവിധം നിർവ്വഹിച്ച സ്പീക്കർ എന്ന നിലയിലും മികവ് തെളിയിച്ച നേതാവായിരുന്നു അദ്ദേഹം. ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകൻ, കർഷകജനതയുടെ നേതാവ്, ഭരണനൈപുണ്യമുള്ള മന്ത്രി, നിയമസഭയിൽ ഇരുപക്ഷത്തിന്റെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റിയ സ്പീക്കർ എന്നീ നിലകളിൽ അദ്ദേഹം നൽകിയ സംഭാവനകൾ കേരള ചരിത്രത്തിൽ ശ്രദ്ധേയമാണ്. കേരളാ കോൺഗ്രസ്സിലൂടെ ശ്രദ്ധേയനായ അദ്ദേഹം ഒരു ഘട്ടത്തിൽ കേരള കോൺഗ്രസ് (സെക്യുലർ)-ന്റെ നേതാവായി. പൊതുരാഷ്ട്രീയത്തിന്റെ മുൻനിരയിലുണ്ടായിരുന്ന ടി. എസ്.

ജോണിന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും ആ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കേരളത്തിലെ കർഷകരുടെ ശബ്ദമായിരുന്ന ടി.എസ്. ജോൺ ഗൂഡല്ലൂരിലെ കർഷകരെ കുടിയിറക്കുന്നതുമായി ബന്ധപ്പെട്ട് നിയമസഭയിൽ നടത്തിയ പോരാട്ടം ശ്രദ്ധേയമായിരുന്നു. സഭയ്ക്കകത്തും പുറത്തും കർഷകരുടെ അവകാശങ്ങൾക്ക് വേണ്ടി നിരന്തര പോരാട്ടം നടത്തിയ അദ്ദേഹം കല്ലൂപ്പാറ നിയോജകമണ്ഡലത്തിൽ നിന്നാണ് കേരള നിയമസഭയിൽ അംഗമാകുന്നത്. സാധാരണക്കാരും പാവപ്പെട്ടവരുമായ കർഷകരുടെയും തൊഴിലാളികളുടെയും അവകാശങ്ങൾക്കുവേണ്ടി നിലകൊണ്ട അദ്ദേഹം 1976-ൽ മൊയ്തീൻകുട്ടി ഹാജിയുടെ രാജിയെത്തുടർന്ന് 36-ാമത്തെ വയസ്സിൽ ഏറ്റവും പ്രായം കുറഞ്ഞ സ്പീക്കർമാരിൽ രണ്ടാമനായി ചുമതലയേൽക്കുകയുണ്ടായി. തുടർന്ന് എ.കെ. ആന്റണി മന്ത്രിസഭയിലും പി.കെ. വാസുദേവൻ നായർ മന്ത്രിസഭയിലും ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുകളുടെ ചുമതലകൾ നിർവ്വഹിച്ച അദ്ദേഹത്തിന് സ്പീക്കർ, മന്ത്രി, എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാൻ, സെലക്ട് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രാഗത്ഭ്യം തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനകീയ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കുന്നതിൽ നിയമസഭാ സാമാജികൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം നൂറുശതമാനവും വിജയമായിരുന്നു.

ഭക്ഷ്യ വകുപ്പുമന്ത്രി എന്ന നിലയിൽ പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്താനും വിലക്കയറ്റത്തിൽനിന്നും ജനങ്ങളെ രക്ഷിക്കാനുമുള്ള നിരവധി കർമ്മപരിപാടികൾക്ക് നേതൃത്വം കൊടുക്കാനും കേരള കോൺഗ്രസിന്റെ നേതാവായി വിവിധ തലങ്ങളിൽ പ്രവർത്തിക്കാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ജനങ്ങളുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ച സമുന്നതനായ ഒരു നേതാവിനെയാണ് നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തേയ്ക്ക് കടന്നുവന്ന ടി. എസ്. ജോൺ നാല് തവണ കേരള നിയമസഭയിൽ അംഗമാവുകയും സ്പീക്കർ, മന്ത്രി എന്നതിലുപരി കർഷക സുഹൃത്തെന്ന നിലയിലും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവയ്ക്കുകയുണ്ടായി. ഹൈക്കോടതി അഭിഭാഷകനായിരുന്ന അദ്ദേഹം മല്ലപ്പള്ളി മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിൽ നൽകിയ വിലപ്പെട്ട സംഭാവനകൾ ശ്രദ്ധേയമാണ്. കർഷക സ്നേഹിയും വിദ്യാഭ്യാസ പ്രവർത്തകനും പ്രമുഖ അഭിഭാഷകനുമായ അദ്ദേഹം സഭാനാഥനായും മന്ത്രിയായും കഴിവ് തെളിയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അഗാധമായ ദു:ഖം രേഖപ്പെടുത്തുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരുന്ന ടി.എസ് ജോൺ വളരെ സൗമ്യനും കർഷക സുഹൃത്തും നല്ലൊരു നേതാവുമായിരുന്നു. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സഭാതലത്തിലും രാഷ്ട്രീയതലത്തിലും കൊണ്ടുവരുന്നതിൽ വിജയം കൈവരിച്ച ഒരു നേതാവായിരുന്നു അദ്ദേഹം. സമുന്നത നേതാക്കളായ സി. അച്യുതമേനോൻ മുഖ്യമന്ത്രിയും ഇ.എം.എസ്. നമ്പൂതിരിപ്പാട് പ്രതിപക്ഷ നേതാവുമായിരുന്ന കാലഘട്ടത്തിലാണ് അദ്ദേഹം സ്പീക്കറായിരുന്നത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു.

ജലവിഭവ വകുപ്പു മന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>) : അന്തരിച്ച ടി.എസ്. ജോണിനെക്കുറിച്ച് അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷി നേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. 1970-ൽ ആദ്യമായി നിയമസഭയിൽ എത്തിയ അദ്ദേഹം അന്നത്തെ സ്പീക്കറുടെ രാജിയെത്തുടർന്നാണ് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടത്. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായി പ്രവർത്തിക്കുമ്പോഴും മികവുറ്റ ഒരു ഭരണ കർത്താവായാണ് അദ്ദേഹം അറിയപ്പെട്ടത്. സ്വന്തം മണ്ഡലത്തിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിൽ അദ്ദേഹം മുൻകയ്യെടുത്തിരുന്നു. സൗമ്യനായ സ്പീക്കർ എന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാനും

എന്റെ കക്ഷിയും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. പി. ജെ. ജോസഫ് : ടി. എസ്. ജോണിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷി നേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. നിഷ്പക്ഷനായ സ്പീക്കറായിരുന്ന അദ്ദേഹം സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് കേരള സ്റ്റോറുകൾ ആരംഭിച്ചത്. കല്ലൂപ്പാറ നിയോജകമണ്ഡലത്തിലെ ജനപ്രതിനിധി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പോരാട്ടങ്ങളുടെ ഫലമായിട്ടാണ് മല്ലപ്പള്ളി താലൂക്കും എഞ്ചിനീയറിംഗ് കോളേജും നിലവിൽ വന്നത്. മിനി സിവിൽ സ്റ്റേഷന്റെ സർവ്വതോന്മുഖമായ വികസനത്തിനുവേണ്ടി ശക്തമായ പോരാട്ടമാണ് അദ്ദേഹം നടത്തിയത്. അദ്ദേഹം ലളിതജീവിതത്തിനുടമയും വളരെ പ്രഗത്ഭനായ ഒരു അഭിഭാഷകനുമായിരുന്നു. അദ്ദേഹത്തിന്റെ പാവനസ്മരണക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: പൊതുപ്രവർത്തന രംഗത്ത് എല്ലാവിഭാഗം ജനങ്ങളുടെയും പിന്തുണ നേടുകയും മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്ത നേതാവായിരുന്നു ടി. എസ്. ജോൺ. അദ്ദേഹത്തിന്റെ വിയോഗം തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സ്പീക്കർ പദവി അലങ്കരിച്ചിരുന്ന ടി. എസ്. ജോണിന്റെ ദേഹവിയോഗം പൊതുജീവിതത്തിന് തീരാനഷ്ടമാണ്. വിദ്യാർത്ഥിയായിരുന്നപ്പോൾ സംഘടനാ പ്രവർത്തനമാരംഭിക്കാനും കേരള രാഷ്ട്രീയത്തിൽ നിറസാന്നിദ്ധ്യമാകാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. കേരള കോൺഗ്രസ്സിന്റെ ആരംഭകാലം മുതൽ നേതൃനിരയിൽ ഉണ്ടായിരുന്ന അദ്ദേഹം എല്ലാവർക്കും സ്വീകാര്യനായിരുന്നു. സഭാ നാഥനായി പ്രവർത്തിച്ച അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ഞാൻ ദു:ഖം രേഖപ്പെടുത്തുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: കേരള കോൺഗ്രസ്സിന്റെ സ്ഥാപക നേതാക്കളിൽ ഒരാളും സഭാദ്ധ്യക്ഷനുമായിരുന്ന ടി. എസ്. ജോണിന്റെ നിര്യാണത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുകയാണ്. കല്ലൂപ്പാറ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളിൽ അദ്ദേഹം മുഖ്യ പങ്ക് വഹിച്ചിരുന്നു. പാവപ്പെട്ടവർക്ക് പരിഗണന നൽകുന്ന നടപടികളാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. സ്പീക്കർ എന്ന നിലയിൽ സഭയുടെയും സഭാംഗങ്ങളുടെയും അന്തസ്സുയർത്തിപ്പിടിക്കുന്നതിൽ അദ്ദേഹത്തിന്റെ

പ്രവർത്തനം ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ വിയോഗം നാടിന് തീരാ നഷ്ടമാണ്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് എന്റെയും എന്റെ പാർട്ടിയുടെയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. എൻ. വിജയൻ പിള്ള: നിയമസഭാ സ്പീക്കറായി പ്രവർത്തിച്ച ടി. എസ്. ജോൺ സ്പീക്കർ പദവിയോട് നീതി പുലർത്തിയ നേതാവായിരുന്നു. കല്ലൂപ്പാറ നിയോജക മണ്ഡലത്തിൽ വികസനമെത്തിക്കാൻ അദ്ദേഹം അതീവ ജാഗ്രത കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എന്റെയും പാർട്ടിയുടെയും ദു:ഖം രേഖപ്പെടുത്തുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ രാഷ്ട്രീയ ജീവിതമാരംഭിച്ച ടി.എസ്. ജോൺ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമത്തിനുവേണ്ടി മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. വിദ്യാഭ്യാസ രംഗത്ത് നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. കേരള കോൺഗ്രസ് പാർട്ടിയുടെ സീനിയർ നേതാവായിരുന്ന അദ്ദേഹത്തിന്റെ പ്രവർത്തനം ഞങ്ങളെപ്പോലെയുള്ളവർക്ക് മാതൃകയായിരുന്നു. പൊതുപ്രവർത്തനരംഗത്ത് സുതാര്യമായ പ്രവർത്തനം കാഴ്ചവച്ച അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുമുന്നിൽ എന്റെയും എന്റെ പാർട്ടിയുടെയും ദു:ഖം

രേഖപ്പെടുത്തുന്നു.

ശ്രീ. പി. സി. ജോർജ് പ്ലാത്തോട്ടം : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു. 1964 ഒക്ടോബർ മാസം കേരളാ കോൺഗ്രസ്സ് പാർട്ടിക്ക് രൂപം കൊടുക്കുമ്പോൾ ആ യോഗത്തിൽ പങ്കെടുത്തവരിൽ ഒരാളാണ് ടി.എസ്. ജോൺ. അദ്ദേഹത്തിന്റെ ചില നിലപാടുകളോട് എനിക്ക് വിയോജിപ്പുണ്ടായിരുന്നെങ്കിലും, മാതൃകാപരമായ ലളിത ജീവിതം നയിച്ചിരുന്ന ഒരു മാന്യ വ്യക്തിയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ മേഖലയെ സ്നേഹിച്ചിരുന്ന ഒരു പൊതു പ്രവർത്തകനെയാണ് അദ്ദേഹത്തിന്റെ വിയോഗത്തിലൂടെ നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുമുന്നിൽ ഞാൻ ആദരാഞ്ജലി അർപ്പിക്കുന്നു; അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

(അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

സഭ രാവിലെ 9.33-ന് പിരിഞ്ഞു.

**************